ഏഴായിരത്തിലേറെ നഴ്സറി സ്ക്കൂളുകളും ഉണ്ടാകുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. എങ്കിലും, വിദ്യാഭ്യാസ രംഗത്തിൽ ചില ദേഗതികളും വരുത്തിക്കൊണ്ട് ഈ രീതിയിൽ നടത്തുന്ന നഴ്സറി സ്ക്കൂളുകളും വിദ്യാഭ്യാസ ഇൻസ്റ്റിറ്റ്യൂട്ട് തയ്യാറാക്കിയിരിക്കുന്ന ഗൈഡ്ലൈൻസ് അനുസരിച്ച് പ്രവർത്തിപ്പിക്കാനുള്ള നടപടികളും സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. പി. പ്രഭാകരൻ : വളരെ പ്രാമാദമായ് കരിയച്ചിറ നഴ്സറി സ്ക്കൂളും ദുരന്തത്തെത്തുടർന്ന് ജാനകിയമ്മ കമ്മീഷനെക്കൊണ്ട് ഒരു അന്വേഷണമൊക്കെ നടത്തിച്ചു. അവർ കുറെ നിർദ്ദേശങ്ങളും വച്ചിരുന്നു. ഈ രീതിയിൽ സ്വകാര്യ മേഖലയിൽ ഉണ്ടാകുന്ന സ്ക്കൂളുകളുടെ മേൽ ചില നിയന്ത്രണങ്ങളും ഏർപ്പെടുത്തുന്നതിനെക്കുറിച്ച് നിർദ്ദേശങ്ങളുണ്ടായിരുന്നു. പ്രത്യേകിച്ച് അവിടെ കെട്ടിട പണിയുടെ തകരാറിന്റെ അടിസ്ഥാനത്തിലാണ് കുട്ടികളും മരിച്ചത്. അതൊക്കെ നിയന്ത്രിക്കുന്നതിന് നിയമപരമായ ചില ബാദ്ധ്യതകളും ഉണ്ടാകണം. ജാനകിയമ്മ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അത്തരത്തിലുള്ള നിയമഭേദഗതികളും കൊണ്ടുവരുന്നതിന് ഗവൺമെന്റ് നടപടികളും സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. ടി. എം. ജേക്കബ് : ജാനകിയമ്മ കമ്മീഷനെ നിയോഗിച്ചത് കരിയച്ചിറയുണ്ടായ അപകടത്തെക്കുറിച്ച് അന്വേഷിക്കുന്നതിനുവേണ്ടിയിട്ടാണ്. ആ റിപ്പോർട്ടിനകത്ത് സ്ക്കൂൾ അധികാരികളും കുറക്കാരാണെന്ന് അവർ പറഞ്ഞിരുന്നില്ല. ചില ഗൈഡ്ലൈൻസ് അതിനെ സംബന്ധിച്ച് അവർ ഗവൺമെന്റിന് നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട്. സ്ക്കൂൾ കൺസ്ട്രക്ഷനെ സംബന്ധിച്ചാണ് പ്രധാനമായിട്ടും നിർദ്ദേശങ്ങൾ ഉണ്ടായത്. ആ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലുള്ള ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

റോഡുകൾ ഏറെടുക്കുന്നതിനുള്ള മാനദണ്ഡം

*370. [397] ശ്രീ. കാനം രാജേന്ദ്രൻ :
,, കെ.വി. സുരേന്ദ്രനാഥ് :
,, പി. കുമാരൻ :
,, കെ.ടി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പു റോഡുകൾ ഏറെടുക്കുന്നതിനുള്ള പൊതു മാനദണ്ഡം എന്ത് ;

(ബി) കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ ഏറെടുത്ത റോഡുകളിൽ പൂർത്തിയാക്കിയ റോഡുകൾ എത്ര ;

(സി) ബാക്കിയുള്ള റോഡുകളുടെ പണി പൂർത്തിയാകാത്തതിന്റെ കാരണങ്ങൾ വിശദമാക്കുമോ ?

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ) :

(എ) പൊതുമരാമത്ത് വകുപ്പു റോഡുകൾ ഏറെടുക്കുന്നതിനുള്ള പൊതു മാനദണ്ഡങ്ങൾ താഴെ പറയുന്നവയാണ്.

LIBRARY ARCHIVES Kerala Legislative Assembly

1. റോഡിന് ഏറ്റവും കുറഞ്ഞത് എട്ട് മീറ്റർ വീതിയുണ്ടായിരിക്കണം.
2. റോഡ് രണ്ടിലധികം പഞ്ചായത്തുകളിൽ കൂടി കടന്നുപോകുന്നതായിരിക്കണം.
3. തുടർച്ചയായ ബസ് ഗതാഗതം ഉണ്ടായിരിക്കണം.
4. റോഡ് രണ്ട് പ്രധാന പി.ഡബ്ലിയു.ഡി. റോഡുകളെ ബന്ധപ്പെടുത്തുന്നതും തുടർച്ചയായ ഗതാഗതം ഉറപ്പുവരുത്തുന്നതുമായിരിക്കണം. അത്തരം റോഡുകൾ പ്രധാനപ്പെട്ട പി.ഡബ്ലിയു.ഡി. റോഡുകളെ ബന്ധിപ്പിക്കുന്ന പ്രധാന കണ്ണിയാണോ എന്ന് പി.ഡബ്ലിയു.ഡി. തീരുമാനിക്കും.

ഒന്നാമത്തെ നിബന്ധന നിർബന്ധമായും മറ്റ് മൂന്ന് നിബന്ധനകളിൽ ഏതെങ്കിലും ഒന്നും പാലിക്കപ്പെട്ടിരിക്കണം.

(ബി) 31

(സി) ഏറ്റെടുത്ത റോഡുകളുടെ പണി വിവിധ ഘട്ടങ്ങളിലാണ്. നടപടിക്രമങ്ങൾ പൂർത്തിയാകാത്തതും സാമ്പത്തിക വൈഷമ്യവുമാണ് മറ്റ് റോഡുകളുടെ പണി പൂർത്തിയാകാത്തതിനുള്ള കാരണം.

ശ്രീ. കാനം രാജേന്ദ്രൻ : അദ്ദേഹം ഇവിടെ സൂചിപ്പിച്ച നിബന്ധനകൾക്ക് വിധേയമായി പി.ഡബ്ലിയു.ഡി. ഏറ്റെടുക്കുകയും വർഷങ്ങളായി ബഡ്ജറ്റിൽ ടോക്കൻ പ്രൊവിഷൻ മാത്രം ഉൾപ്പെടുത്തുകയും ചെയ്യുന്ന നിരവധി റോഡുകൾ നമ്മുടെ സംസ്ഥാനത്തുണ്ട്. അതുകൊണ്ട് ഇനി റോഡുകളുടെ നിർമ്മാണത്തെക്കുറിച്ച് ആലോചിക്കുമ്പോൾ വർഷങ്ങളായിട്ട് ഈ രീതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള റോഡുകളുടേയും ഇപ്പോൾ തന്നെ പി.ഡബ്ലിയു.ഡി. യുടെ കൈവശമുള്ള റോഡുകളുടേയും പുനരുദ്ധാരണ വേലകൾ ചെയ്യുന്നതിന് മുൻഗണന കൊടുക്കാൻ തയ്യാറാകുമോ ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ : അതാണ് ഗവൺമെന്റ് നയമായി സ്വീകരിച്ചിട്ടുള്ളത്. എന്നാൽ ചില എം. എൽ. എ. മാരും പഞ്ചായത്തു പ്രസിഡന്റുമാരും പഞ്ചായത്തുകളുമെല്ലാം പുതിയ പഞ്ചായത്തു റോഡുകൾ വീണ്ടും ഏറ്റെടുക്കണമെന്നുള്ള നിർബന്ധ ബുദ്ധി കാണിക്കുന്നതു കൊണ്ടാണ് അത്യാവശ്യം ചില റോഡുകൾ ഏറ്റെടുക്കേണ്ടി വരുന്നത്. പൊതുവായി ഇനി ഏറ്റെടുക്കാതെ ഉള്ളത് നടപ്പാക്കണമെന്നാണ് തീരുമാനം.

ശ്രീ. കാനം രാജേന്ദ്രൻ : ഇങ്ങനെ ഏറ്റെടുത്തിട്ടുള്ള റോഡുകൾക്ക് ഭരണാനുമതി കിട്ടുകയും സാങ്കേതികമായ അനുമതി ലഭിച്ച് ടെണ്ടർ ചെയ്യുകയും ചെയ്തതിനുശേഷം സാമ്പത്തിക നിയന്ത്രണങ്ങളുടെ പേരിൽ 1983-84-ൽ സാമ്പത്തിക വർഷത്തിലും മറ്റും അനുവാദം കിട്ടാത്ത നിരവധി റോഡുകളുണ്ട്. ഇപ്പോൾ സാമ്പത്തികസ്ഥിതി മെച്ചപ്പെട്ടുവെന്നാണ് പറയുന്നത്. ഇനിയും ഇത്തരത്തിലുള്ള റോഡുകൾക്ക് റീ ടെണ്ടർ ചെയ്യുന്നതിന് അവയ്ക്ക് അനുവാദം നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ : ഇപ്പോൾ പൊതുവായി അനുവാദം നൽകാത്തതായ ആക്ഷേപങ്ങളൊന്നുമില്ല. പ്രധാനമായും അനുവാദം കൊടുക്കുന്നത് എം. എൽ. എ റോഡുകൾക്കാണ്. അതിനിടയിൽ മറ്റു

LIBRARY ARCHIVES Kerala Legislative Assembly

റോഡുകളുടെ അനുവാദവും നൽകിയിട്ടുണ്ട്. അതു നിർത്തിവയ്ക്കുവാൻ ഇപ്പോഴും പറയാനില്ല തുടർന്നു നടത്താനുള്ള തീരുമാനമാണുള്ളത്.

ശ്രീ. കെ. മുസ്സക്കുട്ടി : റോഡുകളും പി.ഡബ്ലിയു. ഡി. ഏറ്റെടുക്കുന്നതിനും നടപ്പിലാക്കുന്നതിനുമൊക്കെ തടസ്സമായി നിൽക്കുന്നത് ബഹുമാനപ്പെട്ട ഉപമുഖ്യമന്ത്രി പറഞ്ഞ കാര്യങ്ങളാണ്. എം. എൽ. എ. റോഡുകൾക്കാണ് പ്രാമുഖ്യം കൊടുക്കുന്നതെന്നു പറഞ്ഞു. എന്നാൽ എം. എൽ. എ. റോഡുകൾക്ക് പ്രാമുഖ്യമില്ലാതെ അതെല്ലാം തന്നെ അവതാളത്തിൽ കിടക്കുകയും പുതുതായി റോഡുകൾ ഏറ്റെടുക്കുകയോ, ഏറ്റെടുത്ത റോഡുകളുടെ പണി നടക്കുകയോ ചെയ്യാത്ത സ്ഥിതിയാണുള്ളത്. യഥാർത്ഥത്തിൽ ഇതൊന്നും ചെയ്യാതെ ഇതിൽനിന്നൊക്കെ ഒഴിഞ്ഞുമാറാനുള്ള ഒഴിവുകഴിവുകളാണ് ഡിപ്പാർട്ടുമെൻറധികാരികൾ ചെയ്യുന്നത്. എം. എൽ. എ. റോഡുകളെന്നു പറഞ്ഞുകൊണ്ട് മറ്റു റോഡുകൾ ഏറ്റെടുക്കാതിരിക്കുന്നതാണോ ഗവൺമെൻറിൻെറ നയം ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ : എം. എൽ. എ. റോഡുകൾ ഏറ്റവും വേഗം പണിപൂർത്തിയാക്കുകയെന്നുള്ളതാണ് ഗവൺമെൻറിൻെറ നയം. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയല്ല. 280 എം. എൽ. എ. റോഡുകളിൽ 260 എണ്ണവും ഏറ്റെടുത്തുകഴിഞ്ഞിട്ടുണ്ട്. നൂറിയൻപതിൽപ്പരം റോഡുകളുടെ പ്രവർത്തനം നടന്നുവരികയാണ്. പത്ത് എം. എൽ. എ. മാരുടെ റോഡുകൾ മാത്രമാണ് ബാക്കിയുള്ളത്. അതിന് സ്ഥലം കിട്ടാത്തതുകൊണ്ടായിരിക്കണമെന്നാണ് ഗവൺമെൻറ് വിചാരിക്കുന്നത്.

ശ്രീ. ബേബിജോൺ : സ്ഥലമെടുത്തിട്ട് പണി നടക്കാത്തതാണ്.

ശ്രീ. കെ. അവുക്കാദർകുട്ടിനഹ : സ്ഥലം കൊടുത്തുവെന്ന് പ്രമേയം പാസ്സാക്കിയതുകൊണ്ടുമാത്രം റോഡിൻെറ പണി നടത്താൻ സാദ്ധ്യമല്ല. ഫിസിക്കലായിട്ട് ഏറ്റെടുക്കണം.

ശ്രീ. ബേബിജോൺ : സ്ഥലം കൊടുത്തിട്ടും പണി നടക്കുന്നില്ല.

ശ്രീ. കെ. അവുക്കാദർകുട്ടിനഹ : സ്ഥലം കൊടുത്തിട്ടുള്ളതിനെല്ലാം ടെണ്ടർ വിളിക്കാനുള്ള അനുമതി നൽകിയിട്ടുണ്ട്.

ശ്രീ. കെ. ടി. കണാരൻ : എം. എൽ. എ. റോഡുകളെന്ന നിലയിൽ പണിയാരംഭിക്കുകയും ഇപ്പോഴും പണി അനിശ്ചിതാവസ്ഥയിൽ നിറുത്തിവച്ചിരിക്കുകയും ചെയ്യുന്നതാണ് ഇപ്പോഴത്തെ പല റോഡുകളുടെയും സ്ഥിതി. എൻെറ നിയോജകമണ്ഡലത്തിൽത്തന്നെ രണ്ടു റോഡുകളുടെ പണിയാരംഭിച്ചുവെന്ന് വേണമെങ്കിൽ മന്ത്രിക്ക് പറയാം. പക്ഷേ ഇന്ന് ആ പണിനിറുത്തിവച്ചിരിക്കുകയാണ്. അതുകൊണ്ട് എം. എൽ. എ. റോഡുകളുടെ പണി നിശ്ചിത കാലയളവിനകത്ത് പൂർത്തിയാക്കണമെന്ന് ഒരു പ്രത്യേക തീരുമാനം കൈക്കൊള്ളാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ : നമ്മുടെ റോഡുകളുടെ ടെണ്ടർ വ്യവസ്ഥയെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പർമാർക്കെല്ലാം അറിയാവുന്നതാണ്. ലോവസ്റ്റ് ടെണ്ടർകാരനു കൊടുക്കണമെന്നാണ് നിയമം. ലോവസ്റ്റ് ടെണ്ടർ പണിയെറെടുത്തതിനുശേഷം ആദായമുള്ള ചില

LIBRARY ARCHIVES Kerala Legislative Assembly

പണികൾ ചെയ്തിട്ട് സ്ഥലംവിടുന്ന കാഴ്ചയാണ് എം. എൽ. എ. റോഡുകളുടെ കാര്യത്തിൽ മാത്രമല്ല, മറ്റു പല പ്രവർത്തനങ്ങളിലും കാണുന്നത്. ഇത് സാധാരണ കണ്ടുവരുന്നതാണ്. അതിൽപ്പെട്ട ചില കാര്യങ്ങളായിരിക്കാം ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചത് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

പ്രാഥമിക ഭവന നിർമ്മാണ സഹകരണ സംഘങ്ങളിൽ നിന്നുള്ള വായ്പ

* 371. [398] ശ്രീ. ജോസ് കുറ്റിയാനി :
,, എ. സി ജോസ് :
,, സിദ്ധാർത്ഥൻ കാട്ടുങ്ങൽ :
,, എം. എം. ഹസ്സൻ :
,, പി. പി. തങ്കച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രാഥമിക ഭവന നിർമ്മാണ സഹകരണസംഘങ്ങളിൽ നിന്ന് വായ്പ എടുത്ത സർക്കാർ ഉദ്യോഗസ്ഥൻമാർക്ക് തിരിച്ചു നൽതുന്നതിന് ഉത്തരവായ പലിശ സബ്സിഡി ഇനിയും ലഭിച്ചിട്ടില്ല എന്നുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അതിൻമേൽ എന്തു നടപടി സ്വീകരിച്ചു ?

സഹകരണ വകുപ്പുമന്ത്രി (ശ്രീമതി എം. കമലം) :

(എ) ഉണ്ട്.

(ബി) സബ്സിഡി ഇനത്തിൽ ഭവനനിർമ്മാണ സഹകരണ സംഘങ്ങൾക്ക് നൽകേണ്ട തുക അനുവദിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

ശ്രീ. ജോസ് കുറ്റിയാനി : സബ്സിഡി നൽകാത്തതുകൊണ്ട് സംസ്ഥാന ഭവനനിർമ്മാണ സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾക്ക് വളരെയേറെ ബുദ്ധിമുട്ടുകളുണ്ട്. അതുകൊണ്ട് സംസ്ഥാന സഹകരണസംഘങ്ങൾ രജിസ്ട്രേറിയറ് പടിക്കൽ സമര പരിപാടികൾ ആവിഷ്കരിച്ചിരുന്നു. അതിനെത്തുടർന്ന് ബഹുമാനപ്പെട്ട മന്ത്രി അവരുമായി ചർച്ചനടത്തി ഉടനടി അവർക്ക് സബ്സിഡി നൽകാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഉറപ്പു നൽകിയതാണ്. ആ ഉറപ്പു പാലിക്കുന്നതിനാവശ്യമായ എന്തു നടപടി സ്വീകരിച്ചുവെന്ന് പറയാമോ ?

ശ്രീമതി എം. കമലം : സബ്സിഡി ഇനത്തിൽ ഗവൺമെന്റ് ഉദ്യോഗസ്ഥൻമാർ പ്രൈമറി ഭവനനിർമ്മാണ സഹകരണസംഘങ്ങളിൽനിന്നും വായ്പ എടുത്തിട്ടുള്ള പണത്തിന് മൂന്നുശതമാനം സബ്സിഡി നൽകണമെന്നുള്ള ഒരു വെൽഫയർ സ്കീമുണ്ട്. ഇത് കൊടുക്കണമെന്നുതന്നെയാണ് ഗവൺമെന്റിന്റെ നിലപാട്. ബഡ്ജറ്റിൽ പണമില്ലാത്തതുകൊണ്ട് രണ്ടു മൂന്നു വർഷങ്ങളായി ഇതു കൊടുക്കുവാൽ സാധിച്ചിട്ടില്ല. ധനകാര്യ വകുപ്പുമായി ഇക്കാര്യം വളരെ ഗൗരവമായി ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly